# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/138/2018 2018 ജൂൺ 28

## പത്രക്കുറിപ്പ്

### എം.ജി. ഡിഗ്രി ഏകജാലകം: രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഇന്ന് (ജൂൺ 29) വൈകീട്ട് 4.30 നകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ഇന്ന് (ജൂൺ 29) ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാകുന്നതാണ്. തുടർന്നുള്ള അലോട്ട്മെന്റിലേക്ക് ഇവരെ പരിഗണിക്കുന്നതല്ല.

അപേക്ഷകൻ തനിക്ക് ലഭിച്ച അലോട്ട്മെന്റിൽ സംതൃപ്തനാണെങ്കിൽ തുടർ അലോട്ട്മെന്റിൽ പരിഗണിക്കപ്പെടാതിരിക്കാനായി അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതോ സ്ഥിരപ്രവേശം നേടേണ്ടതോ ആണ്. ഉയർന്ന ഓപ്ഷനുകൾ നിലനിർത്തിയാൽ തുടർന്നുള്ള അലോട്ട് മെന്റിൽ മാറ്റം വന്നേക്കാം. ഇപ്രകാരം മാറ്റം ലഭിക്കുന്നപക്ഷം പുതിയ അലോട്ട്മെന്റ് നിർബ്ബന്ധമായും സ്വീകരിക്കേണ്ടതാണ്. ആദ്യം ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെടുകയും ചെയ്യും. എന്നാൽ ഇപ്രകാരം മാറ്റം ലഭിക്കുന്നവർ ബാങ്കിൽ പുതുതായി ഫീസൊടുക്കേണ്ടതില്ല. ജൂൺ 30 മുതൽ ജൂലൈ 1 വരെ ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുവാൻ ആഗ്രഹിക്കുന്ന അപേക്ഷകർ ഒഴികെയുള്ളവർ കോളേജുകളിൽ നിശ്ചിത ട്യൂഷൻ ഫീസ് ഒടുക്കി സ്ഥിര പ്രവേശനം ഉറപ്പുവരുത്തേണ്ടതാണ്. ഒന്നും രണ്ടും അലോട്ട്മെന്റുകളിലൂടെ സ്ഥിരപ്രവേശം നേടിയവർ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതില്ല. നിലവിൽ അലോട്ട്മെന്റ് ലഭിച്ചവർ ഹയർ ഓപ്ഷനുകൾ നിലനിർത്താൻ ആഗ്രഹിക്കുന്നപക്ഷം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ താല്ക്കാലികമായി പ്രവേശനം നേടേണ്ടതാണ്. എന്നാൽ, ഒന്നാം അലോട്ട്മെന്റിൽ ലഭിച്ച അലോട്ട് മെന്റ് സ്റ്റാറ്റസ് തന്നെയാണ് രണ്ടാം അലോട്ട്മെന്റിലും കാണിക്കുന്നതെങ്കിൽ അതേ കോളേജിൽ തന്നെ പ്രവേശനത്തിനായി വീണ്ടും റിപ്പോർട്ട് ചെയ്യേണ്ടതില്ല. ഒന്നാം അലോട്ട്മെന്റിൽ താത്ക്കാലിക പ്രവേശനം നേടിയവർക്ക് രണ്ടാം അലോട്ട്മെന്റിൽ മറ്റൊരു കോളേജിൽ ഹയർ ഓപ്ഷൻ വഴി അലോട്ട് മെന്റ് ലഭിക്കുകയാണെങ്കിൽ അത്തരക്കാർ സ്ഥിരപ്രവേശം ആഗ്രഹിക്കുന്ന കോളേജിൽ മാത്രം റിപ്പോർട്ട് ചെയ്താൽ മതിയാകും.

വിവിധ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് സംബന്ധിച്ച ഉത്തരവുകൾ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സർവ്വകലാശാല നിഷ്ക്കർഷിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ ഫീസ് ഈടാക്കുന്ന കോളേജുകൾക്കെതിരെ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

#### അപേക്ഷാ തീയതി

ഒന്നാം സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ഡോക്യുമെന്റേഷൻ (പുതിയ സ്കീം - 2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ സപ്ലിമെന്ററി) & മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് (മെഡിക്കൽ ഡോക്യുമെന്റേഷൻ) പഴയ സ്കീം (2009 - 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 12 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂൺ 30 വരെയും 50 രൂപ പിഴയോടെ ജൂലൈ 2 വരെയും 500 രൂപ സൂപ്പർഫൈനോടെ 4 വരെയും സ്വീകരിക്കും.

#### പരീക്ഷാ തീയതി

ഒന്നും രണ്ടും മൂന്നും വർഷ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ആർക്കിയോളജി ആന്റ് മ്യൂസിയോളജി (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം ജൂലൈ 25, ആഗസ്റ്റ് 1, ആഗസ്റ്റ് 8 തീയതികളിൽ

ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. (2017 അഡ്മിഷൻ റഗുലർ) സി.ബി.സി.എസ്.എസ്. (2013 - 2016 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകൾ ജൂൺ 29ന് ആരംഭിക്കും.

രണ്ടാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം (2017 അഡ്മിഷൻ റഗുലർ, 2014, 2015 & 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ) മേഴ്സി ചാൻസ് പരീക്ഷകൾ ജൂലൈ 11ന് ആരംഭിക്കും.

ഒന്നും രണ്ടും സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം പ്രൈവറ്റ് (2017 അഡ്മിഷൻ) പരീക്ഷകൾ ജൂലൈ 17ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ**

നാലാം സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് (യു.ജി. - സി.ബി.സി.എസ്.എസ്. - 2016 അഡ്മിഷൻ റഗുലർ/2013-2015 അഡ്മിഷൻ റീഅപ്പിയറൻസ്) ഏപ്രിൽ 2018 ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ (അസംബ്ലി ലാംഗ്വേജ് പ്രോഗ്രാമിംഗ്) ജൂലൈ 3, 4 തീയതികളിൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ ബി.സി.എ./ബി.എസ്.സി. കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (യു.ജി. സി.ബി.സി.എസ്.എസ്. - 2016 അഡ്മിഷൻ റഗുലർ/2013-2015 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 4, 5 തീയതികളിൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ ബി.കോം ഏപ്രിൽ 2018 (സി.ബി.സി.എസ്.എസ്.) (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മോഡൽ 1, 2, 3 & OM & SP - റഗുലർ/സപ്ലിമെന്ററി), (കംബൈൻഡ്) ഇൻഫർമേഷൻ ടെക്നോളജി ഫോർ ഓഫീസ് & ഇൻഫർമേഷൻ ടെക്നോളജി ഫോർ ബിസിനസ് പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലൈ 5 മുതൽ 6 വരെ അതാത് കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**വൈവാവോസി**

നാലാം സെമസ്റ്റർ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് (2016 അഡ്മിഷൻ റഗുലർ/2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) മെയ്/ജൂൺ 2018 പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷൻ & വൈവാവോസി ജൂലൈ 4ന് വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ഒക്ടോബറിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തിയ മൂന്നാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം/4 pm - 9 pm)(സപ്ലിമെന്ററി മാത്രം) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 11 വരെ അപേക്ഷിക്കാം.

2018 ജനവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം) (2016 അഡ്മിഷൻ റഗുലർ/ സപ്ലിമെന്ററി/ മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 10 വരെ അപേക്ഷിക്കാം.

**ഡിസ്ഗ്രാഫിയ മാനേജ്മെന്റിൽ ദ്വിദിന ശില്പശാല**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്‌ലോങ്ങ് ലേണിങ്ങ് ആന്റ് എക്സ്റ്റൻഷനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേണിംഗ് ഡിസെബിലിറ്റിയും സംയുക്തമായി ജൂലൈ 7, 8 തീയതികളിൽ ഡിസ്ഗ്രാഫിയ മാനേജ്മെന്റിൽ ദ്വിദിന ശില്പശാല സംഘടിപ്പിക്കുന്നു. പഠനത്തിൽ പിന്നോക്കരായവരിലും പഠനവൈകല്യമുള്ളവരിലും കാണുന്ന എഴുതാനുള്ള ബുദ്ധിമുട്ടുകൾ, രചനാ വൈകല്യം എന്നിവ പരിഹരിക്കുന്നതിനാവശ്യമായ പഠന പ്രക്രിയകളും തന്ത്രങ്ങളും ചർച്ച ചെയ്യുകയും പരിഹാരബോധന രീതികൾ രൂപപ്പെടുത്തുകയും ചെയ്യുകയാണ് ശില്പശാലയുടെ ലക്ഷ്യം.

പങ്കെടുക്കാൻ താല്പര്യമുള്ള അദ്ധ്യാപകർ, റിസോഴ്സ് ടീച്ചേഴ്സ്, സർവ്വശിക്ഷാ അഭിയാൻ പ്രവർത്തകർ, ഗവേഷണ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവർ ജൂലൈ 4ന് മുമ്പായി 0481 – 2731560,2731724,9544981839 എന്നീ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**